II ഇ.ബി. XIV-കേരള നിയമസഭ /II-21

## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2016 നവംബർ 07, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

64 (*721) വിഴിഞ്ഞം കരാറുമായി ബന്ധപ്പെട്ട സി.& എ.ജി.യുടെ ഓഡിറ്റ് റിപ്പോർട്ട്

(വിഴിഞ്ഞം കരാറുമായി ബന്ധപ്പെട്ട സി. & എ.ജി.യുടെ ഓഡിറ്റ് റിപ്പോർട്ട് 2017 മാർച്ചിൽ മാത്രമേ സഭയിൽ സമർപ്പിക്കുകയുള്ളൂ എന്നതിനാൽ 721-ാം നമ്പർ ചോദ്യം അനുവദിക്കാൻ പാടില്ല എന്ന് പ്രത്യേക പരാമർശത്തിലൂടെ ബഹു. പ്രതിപക്ഷനേതാവ് ഉന്നയിക്കുകയും പൊതുവിൽ ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ സാമാന്യമായി ആരായുന്ന ചോദ്യോത്തരങ്ങൾ മാത്രമായിരിക്കുമെന്നതിനാൽ പ്രസ്തുത ചോദ്യം അനുവദനീയമാണെന്ന് ബഹു.

സ്പീക്കർ അറിയിക്കുകയും ചെയ്തു. )

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) നൽകിയ മറുപടിയിൽ, വിഴിഞ്ഞം കരാറുമായി ബന്ധപ്പെട്ട് സി.&എ.ജി. ഓഡിറ്റിന്റെ അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ലെന്ന് സഭയെ അറിയിച്ചു. പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് വിഴിഞ്ഞം തുറമുഖ കമ്പനിയിലും തുറമുഖ വകുപ്പിലും എ.ജി. ഓഡിറ്റ് നടത്തി ഓഡിറ്റ് നിരീക്ഷണങ്ങൾ കരട് റിപ്പോർട്ടായി നൽകുകയും റിപ്പോർട്ടിന്റെ രഹസ്യ സ്വഭാവം സൂക്ഷിക്കണമെന്ന് ആവശ്യപ്പെടുകയും നിരീക്ഷണങ്ങൾ അന്തിമമല്ലെന്നും കമ്പനിയും തുറമുഖ വകുപ്പും തരുന്ന മറുപടികൾക്ക് അനുസൃതമായി നിരീക്ഷണങ്ങൾ മാറാവുന്നതാണെന്ന് വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ടിൻമേൽ തുറമുഖ വകുപ്പ് നടപടി കൈക്കൊള്ളുകയും എ.ജി.ക്ക് മറുപടി അയയ്ക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഇതു സംബന്ധിച്ച് 2016 ആഗസ്റ്റ് 18-ാം തീയതി തുറമുഖ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, വിഴിഞ്ഞം കമ്പനി മാനേജിംഗ് ഡയറക്ടർ, വിഴിഞ്ഞം കമ്പനിയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ഡെപ്യൂട്ടി എ.ജി., എ.ജി. ഓഫീസിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ എ.ജി. ഓഫീസിൽവച്ച് നടത്തിയ എക്സിറ്റ് മീറ്റിംഗിൽ എല്ലാ വിഷയങ്ങളും പൂർണ്ണമായി ചർച്ച ചെയ്തിട്ടില്ലാത്തതിനാൽ ഒരു മീറ്റിംഗ് കൂടി നടത്തിയശേഷമേ റിപ്പോർട്ട് അന്തിമമാകുകയുള്ളൂവെന്ന് മന്ത്രി വ്യക്തമാക്കി. വിഴിഞ്ഞം പദ്ധതിച്ചെലവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ

ഇപ്രകാരമാണ്. സംസ്ഥാന സർക്കാരിന്റെ മുതൽമുടക്ക് 56 ശതമാനം മാത്രമാണ്; പദ്ധതിയുടെ ഉപഘടകമായ പോർട്ട് എസ്റ്റേറ്റിൽ കരാർ കമ്പനി നടത്തുന്ന മുതൽ മുടക്കുകൂടി പരിഗണിക്കുമ്പോൾ പദ്ധതിച്ചെലവ് 11000 കോടി രൂപയും കരാർ കമ്പനിയുടെ വിഹിതം 50 ശതമാനത്തിന് മുകളിലാകുകയും ചെയ്യും; രണ്ടും മൂന്നും ഘട്ടങ്ങളിൽ നടത്തുന്ന വികസന പ്രവർത്തനത്തിന് വേണ്ടിവരുന്ന മൊത്തം തുക ചെലവഴിക്കേണ്ടതുകൂടി കണക്കിലെടുത്താൽ കരാർ കമ്പനിയുടെ ശതമാനവിഹിതം വളരെ കൂടുതലാകും; പദ്ധതിയുടെ ആദ്യഘട്ടം പൂർത്തിയായി 15-ാം വർഷം മുതൽ പദ്ധതിയുടെ മൊത്തം വരുമാനത്തിന്റെ വിഹിതമാണ് സർക്കാരിന് നൽകുന്നത്; ശേഷിച്ച വരുമാനത്തിൽനിന്ന് കമ്പനിക്ക് ചെലവുകൾ നടത്തേണ്ടതായിട്ടുണ്ട്. മത്സരാധിഷ്ഠിത ടെണ്ടർ വഴിയാണ് കരാറുകാരെ തെരഞ്ഞെടുത്തിട്ടുള്ളത്; പ്രവൃത്തികൾ മോണിറ്റർ ചെയ്യുന്നതിന് ഇൻഡിപെൻഡന്റ് എഞ്ചിനീയറെ നിയമിച്ചിട്ടുണ്ട്. മോറട്ടോറിയം 20 വർഷത്തേയ്ക്കാണ് നിശ്ചയിച്ചിരിക്കുന്നതെന്നും പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുമെന്നും പുനരധിവാസമുൾപ്പെടെ എല്ലാ ഘടകങ്ങൾ സംബന്ധിച്ചും ധാരണയിലെത്തി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും കുളച്ചൽ പദ്ധതി സംബന്ധിച്ച ആശങ്ക കേന്ദ്രഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടെന്നും സംസ്ഥാന താത്പര്യങ്ങൾക്ക് വിരുദ്ധമായ എന്തെങ്കിലും നീക്കങ്ങളുണ്ടെങ്കിൽ യഥാസമയം പരിശോധിച്ച് നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക്

മറുപടിയായി മന്ത്രിയും വിഴിഞ്ഞം തുറമുഖം കരാറിനെപ്പറ്റി ആശങ്കകളുണ്ടെങ്കിലും പദ്ധതി പൂർത്തിയാക്കുന്നതിന് എല്ലാ നടപടികളും സ്വീകരിക്കുമെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രിയും സഭയെ അറിയിച്ചു.

65(*722) <u>ചെറുകിട തുറമുഖങ്ങൾ</u>

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കേരളത്തിൽ നിലവിലുള്ള ചെറുകിട തുറമുഖങ്ങളിൽ വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ (കണ്ണൂർ) എന്നിവയാണ് പ്രവർത്തനസജ്ജമായിട്ടുള്ളതെന്ന് സഭയെ അറിയിച്ചു. മാലിയിലേയ്ക്കുള്ള ചരക്കുകളും തീരദേശ കപ്പൽ ഗതാഗതം വഴിയുള്ള ചരക്കുകളും വിദേശ വിനോദ സഞ്ചാരികളെ കൊണ്ടുള്ള യാത്രാ കപ്പലുകളും വിഴിഞ്ഞത്തെത്തുന്നുണ്ട്. കൊല്ലം തുറമുഖത്ത് ടൈൽസ്, മണൽ, കശുവണ്ടി, മെഷിനറി എന്നിവയും ബേപ്പൂർ തുറമുഖത്ത് ലക്ഷദ്വീപിലേയ്ക്കുള്ള ചരക്ക് യാത്രാക്കപ്പലുകളും അഴീക്കൽ തുറമുഖത്ത് തടി/പ്ലൈവുഡ് എന്നിവയുമാണ് പ്രധാനമായി കൈകാര്യം ചെയ്യുന്നത്. തീരദേശ വികസനം ലക്ഷ്യംവച്ചുകൊണ്ടാണ് തീരദേശ കപ്പൽ ഗതാഗത പദ്ധതി നടപ്പിലാക്കി വരുന്നത്. നിലവിൽ റോഡ്/റെയിൽ മാർഗ്ഗം നീങ്ങുന്ന ചരക്കുകളെയും യാത്രക്കാരെയും ചെലവ് കുറഞ്ഞതും പരിസ്ഥിതി സൗഹാർദ്ദപരവുമായ ജലഗതാഗത മേഖലയിലേയ്ക്ക് ആകർഷിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. നിലവിൽ റോഡ്

മാർഗ്ഗം കൈകാര്യം ചെയ്യുന്ന ചരക്കിന്റെ 40% 2020-ഓടെയും 50% 2030-ഓടെയും തീരദേശ കപ്പൽ ഗതാഗത പദ്ധതിയിലേക്ക് ആകർഷിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കേരള തീരത്ത് തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ ഭാഗമായി യാത്രാക്കപ്പലുകൾ ആരംഭിക്കുന്നതിന്റെ സാധ്യത **Deloitte** പഠനവിധേയമാക്കിയിട്ടുണ്ട്. കൊച്ചി-തിരുവനന്തപുരം, കൊച്ചി-കോഴിക്കോട് എന്നീ മേഖലകളെ ബന്ധിപ്പിച്ച് സ്വകാര്യ മേഖലയുടെ സഹായത്തോട അതിവേഗ യാത്രാക്കപ്പൽ സർവ്വീസ് നടത്താൻ പദ്ധതിയിട്ടിട്ടുണ്ട്. ഇതിൽ ആദ്യഘട്ടമെന്ന നിലയ്ക്ക് കൊച്ചി-കോഴിക്കോട് മേഖലയിൽ സർവ്വീസ് ആരംഭിക്കുന്നതിനുവേണ്ടിയുള്ള ജലയാനങ്ങളുടെ പരിശോധനകളും പ്രവർത്തനങ്ങളും അന്തിമഘട്ടത്തിലാണ്. ഇതിന്റെ പരീക്ഷണ ഓട്ടം നിർവ്വഹിച്ചതിനുശേഷം കണ്ണൂരിൽനിന്ന് സർവ്വീസ് ആരംഭിക്കാനും തുടർന്ന് ബന്ധപ്പെടാൻ കഴിയുന്ന തുറമുഖങ്ങളിലൂടെ കൊണ്ടുപോകാനുമാണ് ഉദ്ദേശിക്കുന്നത്. അഴീക്കൽ തുറമുഖത്തിന്റെ പ്രവർത്തന പരിപാടികൾക്കായി ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട് കപ്പൽ ഗതാഗത ശൃംഖലയ്ക്ക് ആകർഷണീയത വർദ്ധിപ്പിക്കുന്നതിനും അയൽരാജ്യങ്ങളുമായി ബന്ധം ശക്തിപ്പെടുത്തുന്നതിനും കഴിയുമോയെന്ന് പരിശോധിക്കും. ആലപ്പുഴയിൽ 'മെറീന പോർട്ട് കം ബീച്ച്' പദ്ധതി പൂർത്തീകരിക്കുന്നതിനും ആലപ്പുഴ കടൽപ്പാലത്തിന്റെ ശോച്യാവസ്ഥയ്ക്ക്

പരിഹാരം കാണാനുമുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞെന്നും ഹൈഡ്രോഗ്രാഫിക് സർവ്വേയിലെ പോരായ്മകൾ പരിഹരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

66(*723) <u>റോഡ് സേഫ്റ്റി കോർപ്സ്</u>

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) നൽകിയ മറുപടിയിൽ, മോട്ടോർ വാഹന വകുപ്പിന്റെ നേതൃത്വത്തിൽ സ്കൂളുകളിൽ റോഡ് സേഫ്റ്റി കോർപ്സ് രൂപീകരിക്കുന്നതിന് ആലോചിച്ചിരുന്നുവെന്നും സ്റ്റുഡൻസ് പോലീസ് കേഡറ്റ് നിലവിലുള്ളതിനാൽ ഇതിൻമേൽ തീരുമാനമെടുത്തിട്ടില്ലെന്നും സഭയെ അറിയിച്ചു. റോഡ് സുരക്ഷാ നിയമം നിലവിൽ വന്നതിനോടൊപ്പം എല്ലാ ജില്ലകളിലുമായി 146 സ്കൂളുകളിൽ റോഡ് സേഫ്റ്റി ക്ലബ്ബുകൾ രൂപീകരിക്കുകയും കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി 570 ക്ലാസുകളിലൂടെ സ്കൂൾ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും റോഡ് സുരക്ഷാ ബോധവത്കരണ ക്ലാസുകൾ നടത്തുകയുമുണ്ടായി. 2015-ൽ തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ റോഡ് സുരക്ഷാ ഓട്ടൻതുള്ളൽ സംഘടിപ്പിച്ചു. കൊല്ലം ജില്ലയിൽ 'കുട്ടി കരുതൽ' എന്ന പേരിൽ റോഡ് നിയമ ബോധവത്കരണ ക്ലാസുകൾ നടത്തിവരുന്നു. വിദ്യാർത്ഥികളെ ഉൾപ്പെടുത്തി 'ഗിഫ്റ്റി ചെക്കിംഗ്' എന്ന പേരിൽ റോഡ് ചെക്കിംഗുകൾ നടത്തുകയും ഡ്രൈവർമാർക്ക് സമ്മാനങ്ങളും ബുക്ക്‌ലെറ്റുകളും

നൽകിവരികയും ചെയ്യുന്നു. റോഡ് സുരക്ഷാ പ്രവർത്തനങ്ങളിൽ സ്കൂൾ കുട്ടികളെ പരിശീലിപ്പിക്കുന്നതിനുവേണ്ടിയാണ് സ്റ്റുഡന്റ്സ് പോലീസ് കേഡറ്റിന്റെ മാതൃകയിൽ റോഡ് സേഫ്റ്റി കോർപ്സ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് മന്ത്രി വ്യക്തമാക്കി. റോഡ് സേഫ്റ്റി മാനദണ്ഡം എല്ലാ സ്കൂളുകൾക്കും നിർബന്ധമാക്കുന്ന കാര്യത്തിൽ വിദ്യാഭ്യാസം-പൊതുമരാമത്ത് വകുപ്പുകൾ, റോഡ് സേഫ്റ്റി അതോറിറ്റി എന്നിവയുടെ കൂട്ടായ ആലോചനയിലൂടെ തീരുമാനമെടുക്കും. എം.എ.സി.റ്റി. കേസുകൾ പെട്ടെന്ന് തീർപ്പാക്കാനും അപകടത്തിൽപ്പെടുന്നവർക്കും മരണമടയുന്നവരുടെ ബന്ധുക്കൾക്കും വേഗത്തിൽ ധനസഹായം എത്തിക്കുന്നതിനും സാധ്യമായ എല്ലാകാര്യങ്ങളും ചെയ്യുമെന്നും വാഹനങ്ങളിൽ സ്പീഡ് ഗവർണ്ണർ ഘടിപ്പിക്കുന്നതിലെ പ്രായോഗിക പ്രശ്നങ്ങൾ പരിഹരിച്ച് നിയമം നടപ്പാക്കുമെന്നും സ്വകാര്യ ബസുകളുടെ മത്സര ഓട്ടം നിയന്ത്രിക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

67(*724) <u>കാർഷിക വികസന നയം</u>

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) നൽകിയ മറുപടിയിൽ, കാർഷിക മേഖലയിലെ ഉത്പാദനം വർദ്ധിപ്പിച്ചും കാർഷിക വിളകളുടെ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയും

കർഷക ആത്മഹത്യ പ്രതിരോധിക്കുന്നതിനും കർഷകരെ കടക്കെണിയിൽ നിന്ന് രക്ഷിക്കുന്നതിനും സഹായകരമായ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണെന്ന് സഭയെ അറിയിച്ചു. കാർഷിക ഉത്പന്നങ്ങൾക്ക് ന്യായവില ഉറപ്പുവരുത്തുക, ഇൻഷ്വറൻസ് പദ്ധതികൾ കാലോചിതമായി പരിഷ്കരിച്ച് നഷ്ടപരിഹാരം ലഭിക്കുമെന്നുറപ്പാക്കുക, കർഷക ക്ഷേമനിധി ഏർപ്പെടുത്തുക, കൃഷിക്കാർക്ക് കുറഞ്ഞ/പലിശരഹിത നിരക്കിൽ ലോണുകൾ ലഭ്യമാക്കി കടക്കെണിയിൽ നിന്നും രക്ഷിക്കാൻ നടപടി സ്വീകരിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കേരള സംസ്ഥാന കാർഷിക നയത്തിന്റെ കരട് രേഖയിൽനിന്നും നീർമറി വികസനം, വരുമാനം ഉറപ്പാക്കൽ, ക്ഷീരവികസനം, ഉൾനാടൻ മത്സ്യവികസനം എന്നിവ സംബന്ധിച്ച നയങ്ങളിലെ ചില നിർദ്ദേശങ്ങളാണ് 11.03.2015-ലെ മന്ത്രിസഭായോഗം ഒഴിവാക്കിയത്. സംസ്ഥാനത്ത് ഒരു ജൈവകാർഷിക നയം നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നും കാർഷിക നയം സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്ന് നിർദ്ദേശങ്ങളും അഭിപ്രായങ്ങളുമൊന്നും ലഭിച്ചിട്ടില്ലെന്നും മന്ത്രി വ്യക്തമാക്കി. ഡിസ്ട്രിക്ട് ഇറിഗേഷൻ പ്ലാൻ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഒരു നോഡൽ ഓഫീസറുടെ നേതൃത്വത്തിൽ ഉപയോഗയോഗ്യവും അല്ലാത്തതുമായ യന്ത്രങ്ങളുടെ ജില്ലാടിസ്ഥാനത്തിലുള്ള ലിസ്റ്റ്

തയ്യാറാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഇവ പ്രവർത്തിപ്പിക്കുന്നതിനുള്ള പരിശീലനത്തിന് സാമ്പത്തിക സഹായം നൽകാമെന്ന ഉറപ്പ് കേന്ദ്ര ഗവണ്മെന്റിൽനിന്ന് ലഭിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 6075 മുതൽ 6300 വരെയുള്ള ചോദ്യങ്ങളിൽ 93 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)